## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1383 **06.03.2020 ൽ** മറുപടിക്ക്

## റോഡ് പുറമ്പോക്കിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. ഷാഫി പറമ്പിൽ** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | റോഡ് പുറമ്പോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർ 2018 മേയ് മാസം ഉത്തരവായിട്ടുണ്ടോ; | ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടേയും ആസ്തികളുടേയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് 08.11.2018 ലെ സി 2-15471/18 നമ്പരായി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ ഭൂമി വീണ്ടെടുത്തു; | 1) **തിരുവനന്തപുരം-** ഭൂമി വീണ്ടെടുത്തിട്ടില്ല.<br><br>2) **കൊല്ലം -** ആദിച്ചനെല്ലൂർ, നീണ്ടകര ഗ്രാമപഞ്ചായത്തുകളുടെ 0.0584 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി തിരിച്ചുപിടിക്കുന്നതിന് ബഹു.കോടതിയിൽ കേസ് നിലവിലുണ്ട്.<br><br>4) **പത്തനംതിട്ട-** 0.00753 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.<br><br>5) **ആലപ്പുഴ -** 8.0685 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.<br><br>6) **കോട്ടയം-** ഏലിക്കുളം ഗ്രാമപഞ്ചായത്ത് 0.0364 ഹെക്ടർ, മണർക്കാട് ഗ്രാമ പഞ്ചായത്ത് 0.0367 ഹെക്ടർ, തലപ്പലം ഗ്രാമപഞ്ചായത്ത് 0.032 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.<br><br>7) **ഇടുക്കി -** ഭൂമി വീണ്ടെടുത്തിട്ടില്ല.<br><br>8) **എറണാകുളം-** 0.0428 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്. |

| | | |
|---|---|---|
| | | 9) **തൃശ്ശൂർ** - 7.250 ഹെക്ടർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്.<br><br>10) **പാലക്കാട്-** ഭൂമി വിണ്ടെടുത്തിട്ടില്ല<br><br>9) **മലപ്പുറം-** ഭൂമി വീണ്ടെടുത്തിട്ടില്ല<br><br>11) **കോഴിക്കോട്-** പുറമ്പോക്ക് കയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>12) **വയനാട് -** പുറമ്പോക്ക് വിവരങ്ങൾ വില്ലേജ് ഓഫീസിൽ നിന്നും ശേഖരിച്ച് അവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>13) **കണ്ണൂർ-** ഭൂമി വിണ്ടെടുത്തിട്ടില്ല<br><br>14) കാസർകോട്- പടന്ന ഗ്രാമ പഞ്ചായത്തിൽ 0.14 ഏക്കർ ഭൂമി വീണ്ടെടുത്തിട്ടുണ്ട് |
| (സി) | പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നതിന് നിലവിൽ ആർക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | പഞ്ചായത്തിലെ പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല അതാത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നഗരസഭാ പരിധിയിലുള്ള പുറമ്പോക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല അതാത് നഗരസഭാ സെക്രട്ടറിമാർക്കുമാണ്. |

(signature)

**സെക്ഷൻ ഓഫീസർ**